# AMRITA VIDYALAYAM

## HALF YEARLY EXAMINATION 2018 - '19

**Class : IX** **Marks : 80**
**Time : 3 hrs**

# മലയാളം

GENERAL INSTRUCTIONS:
This question paper is divided into four sections.
Section A: Reading comprehension - 10 Marks.
Section B: Writing - 16 Marks.
Section C: Grammar - 17 Marks.
Section D: Literature - 37 Marks.

## എ. വിഭാഗം

**I. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ചു ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** **10**

കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ പാട്ടുകളിൽ തെളിഞ്ഞ മലയാളഭാഷയാണ് ഉപയോഗിച്ചിരിക്കുന്നത്. സാധാരണ ജനങ്ങൾക്കുവേണ്ടിയാണ് തുള്ളൽ പാട്ടുകൾ രചിക്കുന്നതെന്നും, അവർക്കു രസിക്കണമെങ്കിൽ "ചാരുകേരളഭാഷ" തന്നെ വേണമെന്നും അദ്ദേഹത്തിന് നിഷ്കർഷ ഉണ്ടായിരുന്നു. കഥാശ്രവണം മാത്രമല്ല തുള്ളലിൽ അടങ്ങിയിരിക്കുന്നത്. ദൃശ്യവും ശ്രാവ്യവും ആയ അംശങ്ങൾ അതിൽ സമ്മേളിച്ചിരിക്കുന്നു. സാമൂഹ്യനീതികളും രാജ്യഭരണവിഷയങ്ങളും കഥാഗതിയിൽ കടന്നുവരുന്നു. രാഷ്ട്രീയസ്വഭാവം ഉൾക്കൊള്ളുന്ന വിവരണ ഭാഷയാണ് നമ്പ്യാർ സ്വീകരിച്ചത്. അതു നിലവിലിരുന്ന കാവ്യഭാഷയിൽ നിന്നും വിഭിന്നമായതിൽ അത്ഭുതമില്ല. സമകാലീന വ്യവഹാരഭാഷയുടെ ഓജസ്സും കാന്തിയും അതിൽ നിറഞ്ഞു നിന്നത് സ്വാഭാവികം മാത്രമാണ്.

ആലസ്യത്തിലാണ്ടു കിടന്ന ഒരു സമൂഹത്തെ നമ്പ്യാർ ആക്ഷേപഹാസ്യത്തിലൂടെ ഉണർത്തുകയും ഉത്തേജിപ്പിക്കുകയും ചെയ്തു. കേരളത്തിന്റെ കവിതാലോകത്തും സാംസ്കാരികലോകത്തും നവോന്മേഷം പകരുക എന്ന യുഗധർമ്മമാണ് നമ്പ്യാർ നിർവഹിച്ചത്.

1. നമ്പ്യാരുടെ ഭാഷ നിലവിലുള്ള കാവ്യഭാഷയിൽ നിന്നും വിഭിന്നമായതെന്തുകൊണ്ട്?
2. നമ്പ്യാർ നിർവഹിച്ച യുഗധർമം എന്ത്?
3. 'ചാരുകേരളഭാഷ" ഉപയോഗിക്കാൻ കാരണം എന്ത്?
4. എന്തെല്ലാമാണ് തുള്ളലിൽ സമ്മേളിക്കുന്നത്?
5. അന്നത്തെ സമൂഹത്തിന്റെ പ്രത്യേകത എന്തായിരുന്നു?

## ബി. വിഭാഗം

**II. ഏതെങ്കിലും ഒരു വിഷയത്തെകുറിച്ചു രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** **8**

1. വർത്തമാനകാല ജീവിതവും സമൂഹമാധ്യമങ്ങളും
2. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം
3. പരിസ്ഥിതി സംരക്ഷണം

**III.** നിങ്ങളുടെ നാട്ടിലെ വൈദ്യുതിക്ഷാമം പരിഹരിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് വൈദ്യുതിവകുപ്പ് മന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക. **8**

## സി. വിഭാഗം

**IV. പ്രയോഗം മാറ്റുക.** **2**

1. കേരളത്തിന്റെ പ്രകൃതിസൗന്ദര്യം വിനോദസഞ്ചാരികളെ ആകർഷിച്ചു.
2. മനുഷ്യബന്ധങ്ങളിൽ ഊന്നിക്കൊണ്ടുള്ള മനുഷ്യാവസ്ഥകൾ മാധവിക്കുട്ടി വിശകലനം ചെയ്തു.

**V. അംഗാംഗി വാക്യം വേർതിരിച്ചെഴുതുക.** **2**

1. സ്വന്തം നാടിനെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും അറിയണമെങ്കിൽ മാതൃഭാഷ പഠിച്ചിരിക്കണം.
2. സംഭവങ്ങളിൽ നിന്ന് കഥയായി മാറുന്ന സ്തോഭങ്ങളെയാണ് താൻ അവതരിപ്പിക്കുന്നതെന്ന് വൈലോപ്പിള്ളി സൂചിപ്പിച്ചിട്ടുണ്ട്.

**VI. വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക.** **1**

അവന് കേസരിയോഗം ഉണ്ട്.

**VII. വാക്യത്തിൽ പ്രയോഗിക്കുക.** **1**

ആഹ്ലാദകരം

**VIII. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക.** **2**

1. വിധവയായ  2. വിഷാദമേന്തും

**IX. വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക.** **2**

1. സ്വരച്ചേർച്ച  2. അപരിചിതൻ

**X. പര്യായപദങ്ങൾ കണ്ടെത്തുക.** **2**

1. തേര്  2. ഭാര്യ

**XI. നാനാർത്ഥം എഴുതുക.** **2**

1. താപം  2. കരം

**XII. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **1**

1. അമ്മ അവിടെ പോകാൻ കാരണം മകൻ വിളിച്ചതുകൊണ്ടാണ്?
2. തന്റെ വ്യഥകളിലേക്ക് ഇറങ്ങിച്ചെല്ലുന്ന കേൾവിക്കാരനായ ഒരു ശ്രോതാവിനെ കിട്ടുന്നത് എത്ര ആശ്വാസപ്രദമാണെന്ന് സിദ്ധാർത്ഥൻ തിരിച്ചറിഞ്ഞു.

**XIII. വിപരീതപദമെഴുതുക.** **1**

1. വിഷാദം (പ്രദോഷം, പ്രസാദം, ആമോദം)
2. ശാശ്വതം (അനശ്വരം, ശ്വേതം, ക്ഷണികം)

**XIV. അർത്ഥവ്യത്യാസം എഴുതുക.** **1**

1. യാഗം ......... യോഗം (യോഗ്യത, യജ്ഞം, സഭ, ആജ്ഞ)
2. മിഴി ......... മൊഴി (ഭൂമി, വാക്ക്, സമുദ്രം, കണ്ണ്)

## ഡി. വിഭാഗം

**XV. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.** **5**

1. വിയത്തിൽ മിന്നിച്ച വിളക്ക് ഏതാണ്?
   (നക്ഷത്രം, സൂര്യൻ, മിന്നാമിനുങ്ങ്)
2. കൃഷ്ണഗാഥയുടെ വൃത്തം ഏത്?
   (കാകളി, കേക, മഞ്ജരി)

3. വാക്കിന്റെ പൊരുളാണ് ജീവിതം എന്ന് മനസ്സിലാക്കിയ വിശ്വമഹാകവി ആര്?
(കാളിദാസൻ, ഷെല്ലി, ഷേക്സ്പിയർ)
4. കാർവർണ്ണന്റെ കണ്ണിണയെ എന്തിനോടാണ് താരതമ്യപ്പെടുത്തിയിരിക്കുന്നത്?
(വണ്ട്, ആമ്പൽ, നിലാവ്)
5. സിദ്ധാർത്ഥ എന്ന നോവൽ എഴുതിയത് ആര്?
(ഹെർമൻഗുണ്ടർട്ട്, ടാഗോർ, ഹെർമൻഹെസ്സെ)
6. ഗോപിയുടെ ഭാര്യയുടെ പേരെന്ത്?
(കമലം, വിമല, മാധവി)
7. ഉള്ളൂർ എഴുതിയ മഹാകാവ്യം ഏത്?
(ചിത്രയോഗം, കർണ്ണഭൂഷണം, ഉമാകേരളം)
8. "ഒരു കവിതകൊണ്ട് ഒരു കാലാവസ്ഥതന്നെ ഉണ്ടാക്കിയ കവി". ആരെക്കുറിച്ചാണു് സൂചിപ്പിക്കുന്നത്?
(ചങ്ങമ്പുഴ, ഇടപ്പള്ളി, വൈലോപ്പിള്ളി)
9. ചകലാസ്സ് എന്ന പദത്തിന്റെ അർഥം എന്ത്?
(പട്ട്, കടലാസ്സ്, കമ്പിളിപ്പുതപ്പ്)
10. സിദ്ധാർത്ഥനെ യാത്രകളിലേക്ക് നയിച്ചതെന്ത്?
(ജ്ഞാനതൃഷ്ണ, പ്രകൃതിയോടുള്ള സ്നേഹം, ആഗ്രഹം)

## XVI. ഉത്തരമെഴുതുക. 24

1. അതായിരിക്കാം പൊരുളാപ്രവൃത്തി –
ക്കജൻഹിതംമർത്യനറിഞ്ഞുചെയ്വോൻ". ദൈവം മർത്യന്റെ ഹിതം അറിഞ്ഞു ചെയ്തതെന്ത്?
2. നദി സിദ്ധാർത്ഥനു പകർന്നു നൽകിയ അറിവുകൾ എന്തെല്ലാം?
3. കമലം, ഗോപി എന്നിവരുടെ സ്വഭാവസവിശേഷതകൾ താരതമ്യം ചെയ്തു കുറിപ്പ് തയ്യാറാക്കുക.
4. കൃഷ്ണനെ കാണാൻ അമ്പാടിയിലേക്കു പോകുന്ന അക്രൂരന്റെ ചിന്തകൾ എന്തെല്ലാം ആയിരുന്നു?
5. "തുടുവെള്ളാമ്പൽ പൊയ്കയല്ല, ജീവിതത്തിന്റെ –
കടലേ കവിതയ്ക്കു ഞങ്ങൾക്കു മഷിപ്പാത്രം"..... കടലിനെ മഷിക്കുപ്പിയാക്കുന്ന ഒരു കുട്ടി ഇവിടെ എഴുതിക്കൊണ്ടേയിരിക്കുന്നു. വ്യാഖ്യാനിക്കുക.
6. മിന്നാമിനുങ്ങിനെ ഉദാഹരിച്ചുകൊണ്ട് മഹാകവി ഉള്ളൂർ നൽകുന്ന സന്ദേശം എന്ത്?

## XVII. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 8

1. ശ്രീരാമകൃഷ്ണപരമഹംസൻ നരേന്ദ്രന്റെ വ്യക്തിത്വത്തെ പരീക്ഷിച്ചതെങ്ങനെ?
2. ബാല്യകാലത്തുതന്നെ ബിലെയിൽ ഒരു സിദ്ധന്റെ ലക്ഷണങ്ങൾ തെളിഞ്ഞു നിന്നിരുന്നു. ഇങ്ങനെ പറയാൻ കാരണം എന്ത്?
3. നൂറ്റാണ്ടുകളുടെ പരിവർത്തനത്തിൽ സംഭവിക്കുന്ന അപൂർവ്വസംഗമം എന്ന് ലേഖകൻ വിവരിക്കുന്നതെന്തിനെയാണ്? വിശദീകരിക്കുക.